(ബി) എങ്കിൽ തൊഴിൽ വകുപ്പ് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) ക്ഷേമ പ്രവർത്തനങ്ങളിൽ മുന്നിൽ നിൽക്കുന്ന ഈ രണ്ട് പെൻഷനുകളും കുടിശ്ശിക ഇല്ലാതെ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രതിവർഷം എത്ര കോടി രൂപയാണ് ഈ രണ്ട് പെൻഷനുകളും വിതരണം ചെയ്യുന്നതിന് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കർഷകത്തൊഴിലാളി പെൻഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിനാൽ ഇതിന്റെ നടത്തിപ്പ് സംബന്ധിച്ച് നേതൃത്വം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തന്നെയാണ്. ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളതുക തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്ന ജോലി മാത്രമേ തൊഴിൽ വകുപ്പ് ചെയ്യുന്നുള്ളൂ. എന്നാൽ തൊഴിലില്ലായ്മ വേതന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ എംപ്ലോയ്മെന്റ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കാലാകാലങ്ങളിൽ ജില്ലാതലത്തിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അധികാരികളെ വിളിച്ചുകൂട്ടി ക്ലാസുകൾ നടത്തുകയും സംശയദൂരീകരണം വരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കർഷകത്തൊഴിലാളി പെൻഷൻ വിതരണത്തിനായി പ്രതിവർഷം 52 കോടിയോളം രൂപയും തൊഴിലില്ലായ്മ വേതനത്തിന് ഏകദേശം 37 കോടിയോളം രൂപയും വേണ്ടിവരും.

ഇ.എസ്.ഐ. ആശുപത്രികളിലെ നിയമനം

70 (2648) ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. ആശുപത്രികളിൽ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ എത്രപേരെ നിയമിച്ചിട്ടുണ്ട് ;

(സി) ഇനിയും എത്ര ഒഴിവുകളുണ്ട് ;

(ഡി) കോൺട്രാക്ട് വ്യവസ്ഥയിൽ നിയമനം ലഭിച്ച എത്ര ഡോക്ടർമാർ ഇപ്പോഴും തുടരുന്നുണ്ട് ;

(ഇ) ഇവർക്ക് പകരം പി.എസ്.സി. ലിസ്റ്റിൽ നിന്നുള്ളവരെ നിയമിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 105 പേരെ.

(സി) 28 എണ്ണം.

(ഡി) 16 പേർ

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിലെ ശുദ്ധജലക്ഷാമം

71 (2649) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിലെ ശുദ്ധജലക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അടുത്തകാലത്ത് കമ്മീഷൻ ചെയ്യുന്ന കുണ്ടറ ശുദ്ധജല വിതരണ പദ്ധതിയിൽ നിന്നും കണക്ഷനെടുത്ത് ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വീകരിച്ചു വരുന്നു.

(സി) ഉദിക്കുന്നില്ല.

എഴുകോൺ ഇ.എസ്.ഐ. ആശുപത്രി പ്രവർത്തന ക്ഷമമാക്കാൻ നടപടി

72 (2650) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയിൽ ഏതൊക്കെ സ്പെഷ്യാലിറ്റി സൗകര്യങ്ങളാണുള്ളതെന്നു വ്യക്തമാക്കുമോ ;

(ബി) ഓരോ വിഭാഗത്തിലും അനുവദിച്ചിട്ടുള്ള ഡോക്ടർമാരുടെ തസ്തിക എത്ര വീതമാണ് ; എല്ലാ തസ്തികകളിലും ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തിരമായി ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly